# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ടചോദ്യം നം. * 232      14.02.2013-ലെ മറുപടിക്ക്

## മസ്തിഷ്ക മരണാനന്തര അവയവദാനം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. റോഷി അഗസ്റ്റിൻ :<br>ശ്രീ. പി.സി. ജോർജ് :<br>ഡോ. എൻ. ജയരാജ് :<br>ശ്രീ. എം.വി. ശ്രേയാംസ് കുമാർ : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് മസ്തിഷ്ക മരണാനന്തര അവയവദാനത്തിന് സജ്ജീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ, ആയതിന്റെ വിശദാംശങ്ങൾ നൽകുമോ ; | (എ) തിരുവനന്തപുരം, കോട്ടയം, കോഴിക്കോട് എന്നീ സർക്കാർ മെഡിക്കൽ കോളേജുകളിൽ മസ്തിഷ്ക മരണാനന്തര അവയവ ദാനത്തിനുള്ള സജ്ജീകരണങ്ങൾ നിലവിലുണ്ട്. കൂടാതെ മസ്തിഷ്ക മരണം സംഭവിച്ചവരിൽ നിന്നും അവയവങ്ങൾ നീക്കം ചെയ്യുന്നത് സംബന്ധിച്ച് സർക്കാർ/സ്വകാര്യ ആശുപത്രികൾ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ചും, അവയവ സ്വീകർത്താക്കൾക്ക് അവയവങ്ങൾ ലഭ്യമാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ സംബന്ധിച്ചും ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന് തിരുവനന്തപുരം മെഡിക്കൽ കോളേജ് പ്രിൻസിപ്പാൾ ഡോ. രാംദാസ് പിഷാരടി കൺവീനറായി "ഡിസീസ്ഡ് ഡോണർ ഓർഗൻ ട്രാൻസ് പ്ലാന്റേഷൻ പ്രോഗ്രാം" അഥവാ "മൃതസഞ്ജീവനി" എന്ന പേരിൽ ഒരു പദ്ധതിയും ആരംഭിച്ചിട്ടുണ്ട്. |
| (ബി) ഇതുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ആശുപത്രികളുടെ ഒരു നെറ്റ്വർക്കിന് രൂപം നൽകാൻ ഉദ്ദേശിക്കുന്നുവോ ; വിശദാംശങ്ങൾ നൽകുമോ ; | (ബി) സംസ്ഥാനത്ത് മസ്തിഷ്ക മരണാനന്തര അവയവദാനവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ആശുപത്രികളുടെ ഒരു നെറ്റ് വർക്ക് സംവിധാനം 2012 നവംബർ മുതൽ പ്രവർത്തിക്കുന്നുണ്ട്. "കേരള നെറ്റ് വർക്ക് ഫോർ ഓർഗൻ ഷെയറിംഗ്" www.knos.org.in എന്ന വെബ്സൈറ്റിൽ അവയവദാന പ്രക്രിയ നടത്തുന്ന ആശുപത്രികളുടെ വിവരങ്ങളും, അവയവങ്ങളുടെ പ്രവർത്തന രാഹിത്യംമൂലം ബുദ്ധിമുട്ടനുഭവിക്കുന്ന രോഗികളുടെ വെയിറ്റിംഗ് ലിസ്റ്റ് രക്തഗ്രൂപ്പടിസ്ഥാനത്തിലും ക്രമീകരിച്ചിട്ടുണ്ട്. |

(സി) മസ്തിഷ്ക മരണം സ്ഥിരീകരിക്കുന്നതിന് ഓരോ ആശുപത്രികളിലും പ്രത്യേകം കമ്മിറ്റി രൂപീകരിക്കാൻ നടപടി സ്വീകരിക്കുമോ ?

(സി) 04.02.2012–ലെ **സർക്കാർ ഉത്തരവ്** ജി.ഒ.(എം.എസ്) നം. 37/2012/ആ.കു.വ പ്രകാരം ഓരോ ആശുപത്രികളിലും ബ്രെയിൻ ഡെത്ത് സർട്ടിഫിക്കറ്റ് പാനൽ രൂപീകരിക്കുന്നതിന് പ്രത്യേക കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഈ പാനലിൽ ആശുപത്രി സൂപ്രണ്ട്, ചികിത്സിക്കുന്ന ഡോക്ടർ ന്യൂറോളജിസ്റ്റ് /ന്യൂറോ സർജൻ എന്നിവർ കൂടാതെ പുറമേ നിന്നുള്ള മറ്റൊരു ഡോക്ടറെകൂടി ഉൾപ്പെടുത്തിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**